**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പുനലൂർ നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. സുന്ദരൻ ടി.എ,- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 2376/2019 നമ്പർ കേസിലെ 27.11.2019 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ)നം. 249/2020/തസ്വഭവ                    തീയതി, തിരുവനന്തപുരം, 30.01.2020

പരാമർശം : 1. ശ്രീ. സുന്ദരൻ ടി.എ സർക്കാരിൽ സമർപ്പിച്ച 21.11.2019 തീയതിയിലെ നിവേദനം (അനക്ഷർ A5)

2. ശ്രീ. സുന്ദരൻ ടി.എ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 2376/2019 നമ്പർ കേസിലെ 27.11.2019 തീയതിയിലെ വിധിന്യായം

3. നഗരകാര്യഡയറക്ടറുടെ 23.01.2020 തീയതിയിലെ ഇ 5-25394/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ പുനലൂർ നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ടി.എ.സുന്ദരൻ കൊച്ചി നഗരസഭയിലോ തൃശ്ശൂർ ജില്ലയിലെ നഗരസഭകളിലോ സ്ഥലംമാറ്റം ആവശ്യപ്പെട്ടു കൊണ്ട് നഗരകാര്യഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ അനുകൂലതീരുമാനമുണ്ടാകാത്തതിനെതിരെ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 2376/2019 നമ്പർ കേസിലെ 27.11.2019 തീയതിയിലെ ഉത്തരവുപ്രകാരം അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ കോടതി ഉത്തരവ് ലഭിച്ച് ഒരു മാസത്തിനകം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം, പുനലൂർ നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.സുന്ദരൻ ടി.എ കൊച്ചി നഗരസഭയിലോ തൃശ്ശൂർ ജില്ലയിലെ നഗരസഭകളിലോ സ്ഥലംമാറ്റം ആവശ്യപ്പെട്ടുകൊണ്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നും തൃശ്ശൂർ കോർപ്പറേഷനിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേയാണ് ടിയാനെ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി പുനലൂർ നഗരസഭയിൽ നിയമിച്ചിട്ടുള്ളത് എന്നും തുടർന്ന് ടിയാൻ കൊച്ചി

നഗരസഭയിലോ തൃശ്ശൂർ ജില്ലയിലെ നഗരസഭകളിലോ സ്ഥലംമാറ്റം ആവശ്യപ്പെട്ടുകൊണ്ടാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. ടിയാൻ സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുള്ള കൊച്ചി നഗരസഭയിലും, തൃശ്ശൂർ ജില്ലയിലെ മറ്റുനഗരസഭകളിലും ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ ഒഴിവ് നിലവിലില്ലാത്തതിനാലും സർക്കാരിന്റെ 25.02.17-ലെ സ.ഉ(പി) 3/07/ഉഭപവ- നമ്പർ ഉത്തരവിനു വിധേയമായി തയ്യാറാക്കിയ സ്ഥലമാറ്റ ക്യൂ ലിസ്റ്റ് നിലവിലുള്ളതിനാലും ടിയാൻ അപേക്ഷയിൽ സ്ഥലമാറ്റം ആവശ്യപ്പെട്ട നഗരസഭകളിൽ ക്യൂ-ലിസ്റ്റിലെ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകിയ ശേഷം ഒഴിവ് വരുന്ന മുറയ്ക്കുമാത്രമേ ശ്രീ.സുന്ദരൻ ടി.എയ്ക്ക് സ്ഥലംമാറ്റം നൽകാൻ കഴിയുകയുള്ളൂ എന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനലൂർ നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ടി.എ,സുന്ദരൻ, 30.05.2020 ൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിനാൽ, ടിയാന്റെ ആവശ്യം പരിഗണിച്ച്, കൊച്ചി നഗരസഭയിലോ, തൃശ്ശൂർ ജില്ലയിലെ മറ്റുനഗരസഭകളിലോ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ അടുത്ത വരുന്ന ഒഴിവിൽ ടിയാന് സ്ഥലംമാറ്റം നൽകുന്നതിന് നഗരകാര്യഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.11.2019 ലെ ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യൂ**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീ.ടി.എ,സുന്ദരൻ, ഹെൽത്ത് സൂപ്പർവൈസർ, പുനലൂർ നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ